കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം.

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.11/2570/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല

തീയതി.05-12-2019

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.എം.പി.എം.11/2570/2019

തിയതി:05-12-2019

## മലപ്പുറംജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.01.2019 മുതൽ 17.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 01 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2019 മുതൽ 28.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അബ്ദുൽ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സന്തോഷ് പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാജഹാൻ ഖുറേഷി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.പ്രസീത .എം | 01.04.2018 മുതൽ 31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| ജി. മോഹൻദാസ് | 01.04.2018 മുതൽ 02.04.2018 വരെ |

| | |
|---|---|
| ശ്രീ.ഷറഫുദ്ധീൻ ഇ | 03.04.2018 മുതൽ 31.3.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.താഹിറ. എൻ.കെ | 01.04.2018 മുതൽ 31.3.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. അബ്ദുൾ ജലീൽ | 01.04.2018 മുതൽ 31.3.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബേനസീർ.ടി.കെ | 01.04.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിജില ബാലൻ | 01.04.2018 മുതൽ 31.3.2019 വരെ |
| വെറ്റിനറി സർജൻ | ശ്രീ.അജയകുമാർ | 01.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.നീലകണ്ഠൻനമ്പൂതിരി | 01.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത.ടി.വി | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഫുഹാദ് കോയിസ്സൻ | 01.04.2018 മുതൽ 31.3.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി) | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരുമാനത്തിലെ ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | പട്ടിക വർഗ്ഗ വികസനം- വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല. | 1-14 |
| 15 | കമ്പ്യൂട്ടർ/യു പി എസ് വാങ്ങൽ അപാകതകൾ | 1-15 |
| 16 | വാട്ടർ ചാർജ് -ഓഡിറ്റ് നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 17 | ജലസുരക്ഷാ പദ്ധതി നടപ്പിലാക്കേണ്ടതാണ്. | 1-17 |
| 18 | കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-18 |
| 19 | പൂന്താനം ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി കിണർ എന്ന പദ്ധതിയിൽ അപാകതകൾ | 1-19 |
| 20 | വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-20 |
| 21 | പരിരക്ഷ പദ്ധതി- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-21 |
| 22 | PHC ലാബിലേക്ക് CBC മെഷീനും മറ്റു അനുബന്ധ വസ്തുക്കളും വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 23 | ഭവന പുനരുദ്ധാരണം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 24 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളിലെ അപാകതകൾ | 1-24 |
| 25 | പത്താംതരം തുല്യതാ പരീക്ഷ -രേഖകൾ പരിശോധനക്ക് | 1-25 |

| | | |
|---|---|---|
| | ഹാജരാക്കേണ്ടതാണ്. | |
| 26 | സംയുക്ത പ്രോജക്ട്: ലഭ്യമായതിനേക്കാൾ തുക ചെലവഴിച്ചു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 27 | പൂന്താനം ശങ്കരൻകുന്ന് കുടിവെള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-27 |
| 28 | പൂന്താനം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി കിണർ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-1 |
| | ഭാഗം 4 | |
| 29 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 37 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./ തിയ്യതിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തി |
|---|---|
| 1(1)/24.03.2018 | 7(1)/29.03.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 05.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.2019 മുതൽ 18.07.2019 വരെ. | കെ.എസ്.എ.എം.പി.എം /11/749/2019 തിയ്യതി 22.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10076639 |
| വരവ് | 86844263 |
| ആകെ | 96920902 |
| ചെലവ് | 69187913 |
| നീക്കിബാക്കി | 27732989 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| | പ്രാരംഭ നീക്കിയിരിപ്പ് | വരവ് | ആകെ | ചെലവ് | ആകെ |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20068000 | 20068000 | 18066487 | 2001513 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9928000 | 9927998 | 9033418 | 894582 |
| വികസന ഫണ്ട് | 0 | 89000 | 89000 | 24957 | 64043 |

| | | | | | |
|---|---|---|---|---|---|
| (ടി.എസ്.പി) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5342000 | 5342000 | 5326718 | 15282 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4141000 | 4141000 | 2348812 | 1792188 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9313000 | 9313000 | 9085873 | 227127 |
| എസ്.ബി.ടി.ഇ,payment | 648950 | | | | 376791 |
| PSCB | 7870113 | | | | 11507609 |
| Treasury tsb A/C | 1259206 | 13327966 | 14587172 | 345671 | 14241501 |
| എസ്.എം.ജി.ബി എം.ജി.എൻ.ആർ.ഇ.ജി.എസ് | 4765 | 566753 | 571518 | 570390 | 1128 |
| എസ്.ബി.ടി, എസ്.എസ്.എ | 74861 | 2654 | 77515 | 69538 | 7977 |
| KGB TSC | 0 | 1454000 | 1454000 | 190000 | 1264000 |
| ട്രഷറി സ്പെഷ്യൽ ടി എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 40000 | 2044035 | 2084035 | 1811555 | 272480 |

# 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 215 | 79367314 | 152 | 56189802 | 0 | 63 | 71 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 4765 | 566753 | 571518 | 570390 | 1128 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 10975943 | 10975943 | 10975943 | 00 |
| ആകെ | 4765 | 11542696 | 11547461 | 11546333 | 1128 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 98040 | 63 |
| കർഷകതൊഴിലാളിപെൻഷൻ | 8276400 | 695 |

| | | |
|---|---|---|
| വിധവാപെൻഷൻ | 17859300 | 1483 |
| വാർദ്ധക്യകാലപെൻഷൻ | 19785000 | 1642 |
| വികലാംഗപെൻഷൻ | 5394200 | 458 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1041700 | 86 |

# 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക 75075/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

-

1 <u>പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

പേഴ്സണൽ രജിസ്റ്ററുകളിൽ മാസാന്ത്യ സംഗ്രഹം തയ്യാറാക്കുന്നില്ല. കൂടാതെ രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

2 <u>സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ</u>

പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓരോ വർഷത്തെയും എല്ലാ പർച്ചേസുകളും തുടർച്ചയായി എഴുതുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.കമ്പ്യൂട്ടർ ഉൾപ്പടെയുള്ള ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ സാധനം വാങ്ങിയ തീയതി ,ഇൻവോയ്സ് നമ്പർ,വിശദാംശങ്ങൾ,ഇഷ്യൂ ചെയ്ത തീയതി തുടങ്ങി എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/09/2019 | 08/2019 | 24/09/2019 |
| എ.ജി ഓഡിറ്റ് | 13/12/2007 | 1997-98 To 2006-07 | 25.08.2008 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി ഇനത്തിൽ മുൻ വാർഷിക കണക്ക് പ്രകാരം അരിയർ ഡിമാന്റ് ഇല്ല. എന്നാൽ 2018-19

വാർഷിക കണക്ക് പ്രകാരം 111994 രൂപ അരിയറായി കലക്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-13 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരുമാനത്തിലെ ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തിൽ തനത് വരുമാന ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട മൊത്തം തുക 5931676/- രൂപയാണ്. ആയത് പ്രധാനമായും വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ നിന്നാണ്. തനത് വരുമാനത്തിന്റെ സ്രോതസുകൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 3399179 |
| തൊഴിൽ നികുതി | 1453670 |
| ഡി & ഒ ലൈസൻസ് ഫീ | 51800 |
| മറ്റുള്ളവ | 731847 |
| ആകെ | 5931676 |

പഞ്ചായത്തിലെ ഭൂരിഭാഗ പ്രദേശങ്ങളും ഗ്രാമങ്ങളായതിനാൽ വ്യാവസായിക- വാണിജ്യ സംരംഭങ്ങളിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പരിമിധികളുള്ളതിനാൽ ലഭിക്കേണ്ട വരുമാനങ്ങൾ പൂർണ്ണമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമാക്കിയ രേഖകൾ പരിശേധിച്ചതിൽ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവയുടെ വരവുകൾ ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും വീഴ്ചകളുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. <u>തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്റ്റ്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്റ്റ്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്റ്റ്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,

തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, ഡി & ഒ ലൈസൻസ് നൽകിയതിലെ വിവരങ്ങൾ തുടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലന്ന് കാണുന്നു. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. ടെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II. <u>പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല- അനധികൃത കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് കഴിയുന്നില്ല.</u>

പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെയും, നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകൾ എടുത്ത് നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷവും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കാതെയും ഉള്ള കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ വസ്തു നികുതി ഇനത്തിൽ ചോർച്ച ഉണ്ടാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന സാധ്യമല്ല.

പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയും, വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാരുടെ സേവനം ഉപയോഗപ്പെടുത്തിയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും, വസ്തു നികുതി ഇനത്തിലെ ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

III. ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട 1112കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം തൻ വർഷം ഒരു കെട്ടിടത്തിനും വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല. ഇതിൽ നിന്നും 1112 കെട്ടിടങ്ങൾ ലൈസൻസ് ആവശ്യമുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നു. കൂടാതെ നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 243 ഡി & ഒ ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 896 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ് [കുറിപ്പ്: ഓരോ റൂമും ഓരോ കെട്ടിട നമ്പറായി അസസ്സ്മെന്റ് നടത്തുന്നത് കൊണ്ട് ഒന്നിൽ കൂടുതൽ റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനം തന്നെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി വരാം. ആയ കൊണ്ട് 896 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നല്ല ആയതിന്റെ സാധ്യത പരിശോധനക്ക് വിധേയമാക്കുന്നില്ല എന്നതാണ് നിരീക്ഷണം].

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്.

തനത് വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് തടയുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും, ആയത് ധനകര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-14 പട്ടിക വർഗ്ഗ വികസനം- വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിടെ 2018-19 മുതൽ 2021-22വരെയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ 3.1.2(എ)-4 പ്രകാരം [GO(Ms)No.11/2018/LSGD 29.01.2018] പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്നതോ ഇരുപതോ അതിലധികമോ പട്ടികവർഗ്ഗ കുടുബങ്ങളോ ഒരു പട്ടികവർഗ്ഗ ഊരോ ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക വർഗ്ഗ വികസനത്തിന് ഒരു പ്രത്യക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ഊരുകൂട്ട ഗ്രാമ സഭ മിനട്സ് പരിശോധിച്ചതിൽ XII വാർഡിൽ രണ്ട് പട്ടിക വർഗ്ഗ ഊരുകളുണ്ട്. കൂടാതെ ഓഡിറ്റ് വർഷം വികസന ഫണ്ട് [TSP] ഇനത്തിൽ 89000/- രൂപയുടെ വരവുണ്ട്. ആയതിൽ 24957/- രൂപ ചെലവഴിക്കുകയും, 64043/- രൂപയുടെ ഫണ്ട് ലാപ്സാവുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പ്

രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം ഭരണ സമിതി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-15 കമ്പ്യൂട്ടർ/യു പി എസ് വാങ്ങൽ അപാകതകൾ

2018-19 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | ചെലവ് | വൗച്ചർ നമ്പർ തീയതി |
|---|---|---|---|
| 200/18-19 | പഞ്ചായത്ത് ഓഫീസിലേക്ക് യു പി എസ് വാങ്ങൽ | 83695 | 21800774/31-1-19 |
| 206/18-19 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 99500 | 21800768/31-1-19 |
| | | 183195 | |

ഹൈക്കോൺ ഇന്ത്യ ലിമിറ്റഡ് മാവൂർ റോഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിയിലൂടെയാണ് യു പി എസ് വാങ്ങിയിച്ചുള്ളത്.(ഇൻവോയ്സ് നമ്പർ HO-C/1819002644/30-11-18)

A.<u>യു പിഎസ് വാങ്ങൽ-അപാകതകൾ</u>

1 യുപിഎസ് സംബന്ധിച്ച് ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2 സ്ഥാപനത്തിന്റെ 3 വർഷ വാറണ്ടി സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

3 സ്റ്റോക്ക് രജിസ്റ്ററിൽ യു പി എസ് വാങ്ങിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

സിഡിഎസ് ടെക്നോ സൊല്യൂഷൻസ് വലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിയിലൂടെ 2 കമ്പ്യൂട്ടറുകളും (എയ്സർ 6792) 1 പ്രൊജെക്ടറും(ല്യൂമെൻസ് 3000) ആണ് വാങ്ങിയിട്ടുള്ളത്.

<u>B.കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-അപാകതകൾ</u>

1 യുപിഎസ് സംബന്ധിച്ച് ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2 സ്ഥാപനത്തിന്റെ 3 വർഷ വാറണ്ടി സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

3 സ്റ്റോക്ക് രജിസ്റ്ററിൽ കമ്പ്യൂട്ടർ വാങ്ങിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നമ്പർ 4/24-10-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-16 വാട്ടർ ചാർജ് -ഓഡിറ്റ് നിർദ്ദേശം പാലിച്ചില്ല.

2018-19 വർഷത്തിൽ പൊതുടാപ്പുകൾക്കുള്ള വെള്ളക്കരം (25 ടാപ്പുകൾക്ക്) പ്രതിമാസം 10938 രൂപ വീതം (4/18 മുതൽ 10/18 വരെ) 76566 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. തുടർ മാസങ്ങളിൽ തുക അടവാക്കിയതായി കാണുന്നില്ല.ടാപ്പുകളുടെ കൃത്യത വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തണമെന്ന് 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ

നിർദ്ദേശിച്ചിരുന്നുവെങ്കിലും പരിശോധന നടത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.5-11-18 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്തിൽ പൊതു ടാപ്പുകൾ ഇല്ലാത്തതിനാൽ ഇനി മുതൽ വെള്ളക്കരമടവാക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.31-12-18 ലെ 14/1 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ഇനി ബിൽ തുക അടവാക്കേണ്ടതില്ല എന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും സംയുക്ത പരിശോധന നടത്താൻ തയ്യാറാകാത്തത് വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കി സർക്കാരിനെ സമീപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നമ്പർ 32118/4-2-19 പ്രകാരം 45070 രൂപയുടെ ഡിമാന്റ് നോട്ടീസ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുണ്ട്.സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ ബിൽ തുക ഡിമാന്റ് ,ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ നടപടി ശരിയല്ല.പ്രസ്തുത നടപടി മൂലം മുൻ വർഷങ്ങളിലേതുൾപ്പടെ വലിയൊരു തുക പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ഭാവിയിൽ സമാനമായ സംഗതികൾ ആവർത്തിക്കാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച നൽകിയ നമ്പർ 1/24-10-19 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ജലസുരക്ഷാ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലസുരക്ഷ.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീചാർജ് ആവശ്യമുള്ള കിണറുകളെ ഒരു സർവേയിലൂടെ കണ്ടെത്തേണ്ടതാണ്. സ.ഉ(കൈ) നം 161/16 തസ്വഭവ തി. 9-11-16 പ്രകാരം ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തനരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ ആകെ 153 പ്രവൃത്തികൾ എംജിഎൻആർഇജിഎസിന്റെ മേൽനോട്ടത്തിൽ നടന്നതിൽ 49 പ്രവൃത്തികളാണ് ജലസംരക്ഷണപ്രവൃത്തികളായി നടപ്പാക്കിയത്. തൻവർഷം കിണർ റീചാർജ് പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത കണക്കാക്കുമ്പോൾ ഇപ്പോൾ ചെയ്തുവരുന്ന ജലസംരക്ഷണപ്രവൃത്തികൾ അപര്യാപ്തമാണ്.കിണർ റീചാർജ് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗരേഖ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-18 കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2018-19 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തീയതി | വിശദാംശങ്ങൾ | തുക | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|
| 21800762<br>30-1-19 | കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറി സെസ്സ് അടവാക്കിയത്. | 35266 | കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി |
| | ആകെ | 35266 | |

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 35,266 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 5/24-10-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

# 1-19 പൂന്താനം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി കിണർ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസി: എഞ്ചിനീയർ

12 മീറ്റർ ആഴത്തിലും 3.80 മീറ്റർ വ്യാസത്തിലും ഒരു കിണർ കുഴിച്ച് 7.5 മീറ്റർ റിംഗ് സ്ഥാപിക്കുകയും ആൾമറ നിർമിക്കുകയും ചെയ്യുന്നതിനുള്ളതാണ് മേൽ പ്രോജക്ട്.

ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1) കിണർ കുഴിച്ചതിന് ശേഷവുംകിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് തുക നൽകിയത് ക്രമവിരുദ്ധം.

കിണറിൽ നിന്നും ഒരു 5 HP മോട്ടോർ ഉപയോഗിച്ച്,ദിവസം 8മണിക്കൂർ സമയംവീതം, 28 ദിവസം വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് ഇനം 13 പ്രകാരം മണിക്കൂറിന് 165.05 രൂപ നിരക്കിൽ 36971.20 രൂപ(28*8*165.05) കൺവീനർക്ക് നൽകിയിട്ടുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ ഫയൽ, അളവ് പുസ്തകം എന്നിവ പ്രകാരം ഇനം 1 മുതൽ 14 വരെയുള്ള (ഇനം 13 ഒഴികെ) കിണർ കുഴിക്കൽ, റിംഗ് സ്ഥാപിക്കൽ, സൈഡ് ഫില്ലിംഗ്, ആൾമറക്ക് വേണ്ടിയുള്ള കരിങ്കൽ പടവ് എന്നിവ പൂർത്തിയാക്കുകയും ആയത് 31-8-17 ന് AE അളവ് രേഖപ്പെടുത്തുകയും 2-9-17 ന് AEE ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുമുണ്ട്.( അളവ് പുസ്തകം. 703/22-12-16, പേജ് 1 മുതൽ 13 വരെ). പിന്നീടുള്ള പ്രവൃത്തികൾ അളവെടുക്കുന്നത് 14-9-17( ഇനം 15,16,17,18), 5-10-19 (ഇനം 19,20) എന്നീ ദിവസങ്ങളിലാണ്. ആയവ ആൾമറ നിർമാണത്തിനുള്ള പ്രവൃത്തികളുമാണ്. ആയതിനാൽതന്നെ 31-8-17 ന് ശേഷം കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റേണ്ടതുമില്ല. ആയതിനാൽ, 31-8-17 ന് ശേഷം 13 ദിവസം കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് കൺവീനർക്ക് നൽകിയ 16307 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-20 വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

2018-19 വർഷത്തിൽ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കാൻ ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസ് മലപ്പുറത്ത് തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ 1

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ | 35/18-19 |
| പ്രോജെക്ടിന്റെ പേര് | വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ |
| അടങ്കൽ | 375000-തനത് ഫണ്ട് |
| ചെലവ് | 178960 (വൗച്ചർ നമ്പർ-21800745/18-1-19 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 4 പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 178960 രൂപ ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസർ മലപ്പുറത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 71922 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.പ്രവൃത്തികളുടെ വിശദാംശങ്ങളും അവശേഷിക്കുന്ന തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ക്രമനമ്പർ 2

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്റ്റ് നമ്പർ | 181/18,189/19 |
| പ്രോജെക്ടിന്റെ പേര് | വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ |
| അടങ്കൽ | 483300-ധനകാര്യമമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 315610 (29/18-19 തി. 27-11-18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

അസി എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കുകയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടില്ല.പ്രവൃത്തികളുടെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നമ്പർ 3/24-10-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്ന ക്രമനമ്പർ ഒന്ന് പ്രകാരമുള്ള (178960-71922) = 107038 രൂപയും ക്രമനമ്പർ പ്രകാരം രണ്ട് പ്രകാരമുള്ള 315610 രൂപയും ഉൾപ്പടെ 4,22,648 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 പരിരക്ഷ പദ്ധതി- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

S0021/19 : പരിരക്ഷ പാലിയേറ്റീവ് കെയർ പരിപാടി

അടങ്കൽ - 8,36,800 (പ്ലാൻ -ജനറൽ : 2,56,800 MG-NR : 5,80,000)

ബിൽ നം.11/03-08-2018 : 3,56,700

മേൽ പ്രൊജക്റ്റ് പ്രകാരം മെഡിക്കൽ ഓഫീസർ - പി.എച്ച്.സി, കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 3,56,700 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 2,73,103 രൂപയുടെ മരുന്നുകൾ മാത്രമാണ് KMSCL വിതരണം ചെയ്തിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി തുക മുൻകൂർ കൈമാറിയെങ്കിലും കരാറുടമ്പടി വെച്ചിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 PHC ലാബിലേക്ക് CBC മെഷീനും മറ്റു അനുബന്ധ വസ്തുക്കളും വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

S0074/19 : PHC ലാബിലേക്ക് CBC മെഷീനും മറ്റു അനുബന്ധ വസ്തുക്കളും വാങ്ങുക

അടങ്കൽ - 2,75,000 (MG-NR)

ബിൽ നം.26/20-12-2018 : 2,68,450

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം PHC ലാബിലേക്ക് CBC മെഷീൻ സപ്ലൈ ചെയ്തതിൻെറ വിലയായി ആർവീസ് ഡയഗ്നോസ്റ്റിക്സ്, കണിമംഗലം, തൃശ്ശൂർ ന് 2,68,450 രൂപ നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തെ വാറണ്ടിയാണ് പ്രസ്തുത ഏജൻസി നൽകിയിട്ടുള്ളത്. എന്നാൽ ജി.ഒ.(പി)നം.03/2013/എസ്.പി.ഡി/21-06-2013 ലെ ഖണ്ഡിക 8.17 പ്രകാരം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

ആർവീസ് ഡയഗ്നോസ്റ്റിക്സ്എന്ന സ്ഥാപനത്തിന്റെ EMD തുക ചെക്കായിട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനം നൽകിയ 2750 രൂപയുടെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 466633/28.08.2018 നമ്പർ ചെക്ക് ഇപ്പോഴും ഫയലിൽ കെട്ടിവെച്ച അവസ്ഥയിലാണ്. ഇത് യഥാസമയം തനത് ഫണ്ടിൽ നിക്ഷേപിച്ച് പണമാക്കി, ഡെപ്പോസിറ്റ് ഹെഡിൽ വരവ് വേക്കേണ്ടതായിരുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-23 ഭവന പുനരുദ്ധാരണം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ- ജനറൽ

നം. : S013/19

അടങ്കൽ - 14,25,000 പ്ലാൻ ഫണ്ട്- ജനറൽ (ചെലവ്- 13,80,000)

പ്രൊജക്ട് : വീട് പുനരുദ്ധാരണം- എസ്.സി

നം. : S014/19

അടങ്കൽ - 19,00,000 എസ്.സി.പി. ഫണ്ട് (ചെലവ് -18,00,000)

വി.ഇ.ഒ.നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടുകളിൽ ജനറൽ വിഭാഗത്തിനായി വീട് വാസയോഗ്യമാക്കൽ, പട്ടികജാതി വിഭാഗത്തിനായി വീട് പുനരുദ്ധാരണം എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 92 ജനറൽ, 36 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീതം ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ സംബന്ധിച്ച് ചുവടെ ചേർത്ത പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, വീട് വാസയോഗ്യമാക്കൽ (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ) എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാനാണ് 14.2.2018ലെ ജി.ഒ(എം.എസ്)22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉള്ളത്.

മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ ജനറൽ വിഭാഗത്തിന് പരമാവധി 75000 രൂപയും, പട്ടികജാതി വിഭാഗങ്ങൾക്ക് 100000 രൂപയും നൽകാവുന്നതാണ്.

വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപയും, പട്ടികജാതി വിഭാഗങ്ങൾക്ക് 1,50,000 രൂപയും നൽകാവുന്നതാണ്.

2. വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോ വീടിനുമുള്ള സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ അപ്രകാരം പരിശോധന ഇല്ലാതെ മുഴുവൻ ഗുണഭോക്താക്കൾക്കും 15,000 രൂപ വീതം നൽകുകയാണ് ചെയ്തിട്ടുള്ളത്. നൽകാവുന്ന സബ്സിഡി തുകയായ 1,00,000 രൂപ ലഭിക്കുവാൻ അർഹതയുള്ള ഒരു ഗുണഭോക്താവുമില്ലാതെ ഇത്തരം പ്രൊജക്ട് തയ്യാറാക്കിയതിൻെറ കാരണം വിശദീകരിക്കേണ്ടതാണ്.

കൂടാതെ ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം സബ്സിഡി തുക നൽകേണ്ടതെന്ന നിബന്ധനയും പാലിക്കാതിരുന്നതിൻെറ കാരണവും വിശദീകരിക്കേണ്ടതാണ്.

## 1-24 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

1. നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത്- സംബന്ധിച്ച്

പ്രൊജക്ട് : വൃദ്ധർക്ക് കട്ടിൽ വാങ്ങൽ

നം. : S0193/19

അടങ്കൽ - 3,00,000

ബിൽ നം. 2/03-07-2018 : 2,91,600

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിനായി നടത്തിയ store purchaseൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട ലീഡർ വുഡ് ഇൻഡസ്ട്രീസ്, കുറ്റൂർ നോർത്ത് പോസ്റ്റ്, മലപ്പുറം എന്ന സ്ഥാപനത്തിന് 75 കട്ടിലുകൾ (ആഞ്ഞിലി വുഡ്) വിതരണം ചെയ്തതിൻെറ വിലയായി 2,89,129 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില, ഇ.എം.ഡി, കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയിട്ടില്ല. 2018-19 വർഷത്തിൽ ഇവ അടവാക്കുന്നതിൽ നിന്ന് ഇളവ് ലഭിച്ചതിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സ്ഥാപനം നടത്തുന്ന വാങ്ങലുകളിൽ ടെണ്ടർ ഫോറം വില, ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന് ജി.ഒ.(പി)നം. 03/2013/എസ്.പി.ഡി./21-06-2013 -ാം നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ, 10-01-2017ലെ എസ്.ഒ. 85(E) നമ്പർ കേന്ദ്രസർക്കാർ വിജ്ഞാപനം എന്നിവയിൽ വിശദമാക്കിയ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 9/25-10-2019-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. കൃത്യതയില്ലാത്ത രശീതി ഹാജരാക്കിയത്- സംബന്ധിച്ച്

പ്രൊജക്ട് : അംഗൻവാടി പോഷകാഹാര വിതരണം

നം. : S022/19

അടങ്കൽ - 32,00,000 (പ്ലാൻ- ജനറൽ : 17,00,000 കേന്ദ്ര വിഹിതം - 15,00,000)

ട്രഷറി ചെക്ക് നം. 1601404/27-12-2018 : 4,73,785

ബിൽ നം. 100411/0006 പ്രകാരം 75,415 രൂപയുടേയും ബിൽ നം. 100411/0005 പ്രകാരം 4,05,023 രൂപയുടേയും (ജി.എസ്.ടി. ഉൾപ്പടെ ആകെ 4,80,438 രൂപ) ഭക്ഷ്യവസ്തുക്കളുടെ വില taxable amount ആയ 4,80,438 ൻെറ കേന്ദ്ര-സംസ്ഥാന GST തുക 7816 രൂപ കുറവ് ചെയ്ത് 4,72,622 രൂപയാണ് നൽകിയിട്ടുള്ളത് എന്നാൽ 183/07-01-2019 -ാം നമ്പർ പ്രകാരം 4,80,438 രൂപ ലഭിച്ചതായാണ് സപ്ലൈകോ മാവേലി സ്റ്റോർ, തച്ചിങ്ങനാടം രശീതി നൽകിയിട്ടുള്ളത്. വാങ്ങലുകൾ സുതാര്യമാക്കുന്നതിനാണ് മാവേലി സ്റ്റോറുകളിൽ നിന്ന് തന്നെ വാങ്ങുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ കൈപ്പറ്റാത്ത തുകക്ക് മാവേലി സ്റ്റോറുകളിൽ നിന്ന് രശീതി ലഭ്യമാവുന്നത് പ്രസ്തുത നിബന്ധനയുടെ ലക്ഷ്യത്തിന് വിപരീതമായ നടപടിയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പത്താംതരം തുല്യതാ പരീക്ഷ -രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് : പത്താംതരം തുല്യത

നം. : S039/19

അടങ്കൽ - 46,000 (പ്ലാൻ- ജനറൽ)

ബിൽ നം. 05/15-03-2019 :46,000

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ടിൽ 30 വിദ്യാർത്ഥികളുടെ പത്താം തരം തുല്യതാ കോഴ്സ് ഫീസായി 46,000 രൂപ സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്.(ഗുണ.വിഹിതം 6500 രൂപ ഉൾപ്പടെ ആകെ 52,500 രൂപ അടവാക്കി). എന്നാൽ 13 വിദ്യാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റ്/മാർക്ക് ലിസ്റ്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 17 വിദ്യാർത്ഥികൾ പത്താംതരം തുല്യതാ പരീക്ഷക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-26 സംയുക്ത പ്രോജക്ട്: ലഭ്യമായതിനേക്കാൾ തുക ചെലവഴിച്ചു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2018-19 ൽ നെൽകൃഷിവികസനം (പ്രോജക്ട് നംപർ 29/19) എന്ന സംയുക്ത പദ്ധതിക്കായി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും 212500 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി നടപ്പാക്കുന്നതിന് കൃഷി ഓഫീസർക്ക് ചെക്ക് നംപർ 5787127/18-1-2019 പ്രകാരം 255000 രൂപ നൽകിയിട്ടുണ്ട്. 42500 രൂപ അധികം നൽകാനുണ്ടായ കാരണം വിശദമാക്കേണ്ടതും ഈ തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതെന്ന വിവരം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/26-10-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത വിശദമാക്കേണ്ടതും അധികം നൽകിയ 42500 രൂപ തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 പൂന്താനം ശങ്കരൻകുന്ന് കുടിവെള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസി: എഞ്ചിനീയർ

പ്രൊജക്ട് നംപർ. 70/18, 171/19.

കരാറുകാരൻ: നൗനൈസ് പി.

കരാർ: 85/AE/LSGD/KZTR/17-18/7-3-18

PAC: 10 75 145.96 രൂപ

അടങ്കൽ. 11 10 000 രൂപ.(ധനകാര്യകമ്മീഷൻ ഗ്രാന്റ്-683217, തനത് ഫണ്ട്-26783, ബ്ളോക്ക് വിഹിതം400000)

അളവ് പുസ്തകം. 952/17-18,

ചെലവ്:

മൂല്യനിർണ്ണയം- 1109236

(-)IT 1%% 11092

(-) WF 1% 11092

(-)CGST 1%% 11092

(-) SGT 1% 11092

കരാറുകാരന് (1964868) 1064868

തുക നൽകിയത്

ട്രഷറി ബിൽ നംപർ 80/18-19/19-3-19: 683217 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നംപർ 76/18-19/18-3-19: 400000 രൂപ (ബ്ളോക്ക് വിഹിതം)

വൗച്ചർ നംപർ 76/18-19/18-3-19: 26019 രൂപ (തനത് ഫണ്ട് )

ആകെ: 1109236 രൂപ

7.50 മീറ്റർ ആഴത്തിലും 5.50 മീറ്റർ വ്യാസത്തിലും ഒരു കിണർ കുഴിച്ച് റിംഗ്, ആൾമറ, കുടിവെള്ളടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് കുടിവെള്ളവിതരണം നടത്തുന്നതിനുള്ളതാണ് മേൽ പ്രോജക്ട്.

ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1) പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. GO(P)13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2012,201-1 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.മാത്രമല്ല,കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യമുന്നയിച്ച് നൽകിയ 14/25-10-2019 നംപർ ഓഡിറ്റ് എൻക്വയറിക്ക്, "വാഹനസൗകര്യമില്ലാത്തതിനാലും മഴയും കാരണമാണ് കിണർ പണി തുടങ്ങാൻ പറ്റാത്ത സാഹചര്യമുണ്ടായതെന്നും കരാർ കാലാവധി നീട്ടി കൊടുക്കുന്നതിന് സംബന്ധിച്ച ധാരണക്കുറവ് കാരണം സമയത്തിന് അപേക്ഷ വാങ്ങി കാലാവധി നീട്ടി നൽകുവാനും സാധിച്ചില്ല" എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല. മാത്രമല്ല, മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടുമില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

കരാർ കാലവധി: 5 മാസം

പ്രവൃത്തിസ്ഥലം കൈമാറിയത്: 7-3-18

പൂർത്തീകരിക്കേണ്ടതീയതി: 6-8-18

പൂർത്തീകരിച്ചതീയതി: 25-2-19 (അളവ് പുസ്തകം പേജ് 33)

വൈകിയ കാലയളവ്: 202 ദിവസം

PAC: 10 75 145.96 രൂപ

ഈടാക്കേണ്ട പിഴ

ആദ്യ തവണ (25% of 5 month, 38 ദിവസം. Ie, 7-8-18 to 12-9-18)PAC യുടെ 1% : 10751രൂപ (minimum Rs.1000, Rs.maximum 50000)

ആദ്യ തവണക്ക് ശേഷം (25% of 5 month, 38 ദിവസം. Ie, 13-9-18 to 20-10-18)PAC യുടെ 2%: 21503 രൂപ (minimum Rs.2000, Rs.maximum 100000)

ആകെ 32254 രൂപ.

2)പ്രവൃത്തിക്ക് ഭൂമി വിട്ട് കൊടുക്കൽ; നടപടിക്രമം പൂർത്തിയാക്കിയിട്ടില്ല.

മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം ഭൂമി വിട്ട് നൽകിയതായി പറയുന്നുണ്ട്

A) കിണർ നിർമാണത്തിനുള്ള സ്ഥലം

ഉടമസ്ഥൻ: അബ്ദുൽ അസീസ് s/o അബു ഹാജി.

തീയതി: 19-1-2018

വിസ്തീർണ്ണം: 50 m2.

വില്ലേജ്: കീഴാറ്റൂർ.

സർവ്വേ നംപർ: 55/2.

B) ടാങ്ക് നിർമാണത്തിനുള്ള സ്ഥലം

ഉടമസ്ഥൻ: ജാനകി പാണ്ടത്ത്.

തീയതി: 19-1-2018

വിസ്തീർണ്ണം: 25 m2.

വില്ലേജ്: കീഴാറ്റൂർ.

സർവ്വേ നംപർ: 53/1A, 352F/95

ഭൂമി വിട്ട് കൊടുക്കുന്നതിനുള്ള അപേക്ഷയായ ഫോറം എ (Rule 3) യിൽ അപേക്ഷകർ ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രസ്താവനയായ ഫോറം ബി (Rule 3) യിൽ അപേക്ഷകരോ സാക്ഷികളോ ഒപ്പ് വെച്ചിട്ടില്ല. മാത്രമല്ല, ഈ അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിച്ചതായും കാണുന്നില്ല. ആയതിനാൽ മേൽ അപേക്ഷകൾ വില്ലേജ് ഓഫീസർ മുഖാന്തിരം RDO ക്ക് സമർപ്പിച്ച്, RDO നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യാൻ നടപടികളെടുക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/25-10-2019 നംപർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥലമായതിനാലാണ് മേൽപ്രകാരം ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥലം കേരള പഞ്ചായത്ത് രാജ് ആക്ടിലെ വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും ചട്ടങ്ങൾ പ്രകാരം ആർജ്ജിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഭാഗം-2

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പൂന്താനം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി കിണർ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| നി.ഉദ്യോഗസ്ഥൻ: | അസി: എഞ്ചിനീയർ |
| പ്രൊജക്ട് നംപർ. | 124/17,116/18, 161/19. |
| കൺവീനർ: | സുജിത് ഏ പി. |
| കരാർ: | 72/AE/LSGD/16-17/9-3-17 |
| അടങ്കൽ. | 400000 രൂപ.(SCP-300000, തനത് ഫണ്ട്-100000) |
| അളവ് പുസ്തകം. | 703/22-12-16, 892/21-6-17. |
| ചെലവ്: | |
| മൂല്യനിർണ്ണയം- | 400000 |
| (-)OH 5% | 20000 |
| ബാക്കി. | 380000 |
| (-) IT 2% | 8000 |
| (-) WF 1% | 4000 |
| കൺവീനർക്ക് | 368000 |
| തുക നൽകിയത് | |
| ട്രഷറി ബിൽ നംപർ 7/18-19/24-5-18: | 280000 രൂപ |
| വൗച്ചർ നംപർ 90c/17-18/28-3-18: | 100000 രൂപ |
| ആകെ | 380000 രൂപ |

12 മീറ്റർ ആഴത്തിലും 3.80 മീറ്റർ വ്യാസത്തിലും ഒരു കിണർ കുഴിച്ച് 7.5 മീറ്റർ റിംഗ് സ്ഥാപിക്കുകയും ആൾമറ നിർമിക്കുകയും ചെയ്യുന്നതിനുള്ളതാണ് മേൽ പ്രോജക്ട്.

ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1) കിണർ കുഴിച്ചതിന് ശേഷവുംകിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് തുക നൽകിയത് ക്രമവിരുദ്ധം.

കിണറിൽ നിന്നും ഒരു 5 HP മോട്ടോർ ഉപയോഗിച്ച്,ദിവസം 8മണിക്കൂർ സമയംവീതം, 28 ദിവസം (2017 ആഗസ്റ്റ് 16,17,18,19,21,22,23,24,25,26,29,30,31, 2017 സെപ്റ്റമ്പർ 7,11,13,14,15,16,18,19,20,22,23,25,26,27,28) വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് ഇനം 13 പ്രകാരം മണിക്കൂറിന് 165.05 രൂപ നിരക്കിൽ 36971.20 രൂപ(28*8*165.05) കൺവീനർക്ക് നൽകിയിട്ടുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ ഫയൽ, അളവ് പുസ്തകം എന്നിവ പ്രകാരം ഇനം 1 മുതൽ 14 വരെയുള്ള (ഇനം 13 ഒഴികെ) കിണർ കുഴിക്കൽ, റിംഗ് സ്ഥാപിക്കൽ, സൈഡ് ഫില്ലിംഗ്, ആൾമറക്ക് വേണ്ടിയുള്ള കരിങ്കൽ പടവ് എന്നിവ പൂർത്തിയാക്കുകയും ആയത് 31-8-17 ന് AE അളവ് രേഖപ്പെടുത്തുകയും 2-9-17 ന് AEE ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുമുണ്ട്.( അളവ് പുസ്തകം. 703/22-12-16, പേജ് 1 മുതൽ 13 വരെ). പിന്നീടുള്ള പ്രവൃത്തികൾ അളവെടുക്കുന്നത് 14-9-17( ഇനം 15,16,17,18), 5-10-19 (ഇനം 19,20) എന്നീ ദിവസങ്ങളിലാണ്. ആയവ ആൾമറ നിർമാണത്തിനുള്ള പ്രവൃത്തികളുമാണ്. ആയതിനാൽതന്നെ 31-8-17 ന് ശേഷം കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റേണ്ടതുമില്ല. ആയതിനാൽ, 31-8-17 ന് ശേഷം 15 ദിവസം(2017 സെപ്റ്റമ്പർ 7,11,13,14,15,16,18,19,20,22,23,25,26,27,28) കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് കൺവീനർക്ക് നൽകിയ 18816 രൂപ നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/25-10-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് ഇനം 12 പ്രകാരമുള്ള 6 mm മെറ്റൽ ഉപയോഗിച്ചുള്ള സൈഡ് ഫില്ലിംഗ് പ്രീ മെഷർമെന്റ് അളവാണെന്നും ആയതിന് ശേഷമാണ് ആൾമറ പ്രവൃത്തി പൂർത്തിയാക്കിയതെന്നും കുടിവെള്ളം ശുദ്ധമായി ലഭിക്കാൻ വേണ്ടിയാണ് മേൽപ്രകാരം ചെയ്യേണ്ടിവന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ പൂർണ്ണമായും അംഗീകരിക്കുന്നില്ല.

1) 31-8-17 ന് ശേഷം പ്രീ മെഷർമെന്റ് ആയി അളവെടുത്ത പ്രവൃത്തി ചെയ്യാൻ പരമാവധി ഒരു ദിവസത്തെ സമയം മാത്രം മതിയാവും.

2) മേൽ ക്രമനംപർ (1) ഒഴികെയുള്ള 31-8-17 ന് ശേഷമുള്ള പ്രവൃത്തികളെല്ലാം ആൾമറ നിർമാണത്തിനുള്ളതാണ്. ആയതിനാൽ കിണർ വെള്ളം ശുദ്ധീകരക്കാൻ എല്ലാ പ്രവൃത്തികളും ചെയ്ത് കഴിഞ്ഞതിന് ശേഷം ഒരു ദിവസം വെള്ളം പമ്പ് ചെയ്ത് മാറ്റിയാൽ മതിയാവും.

3) അളവ് പുസ്തകം 703/22-12-16 പേജ് 19 പ്രകാരം ഇനം 13 അളവെടുത്തത് 2 HP*15*8= 240 മണിക്കൂർ എന്നാണ്. ആയത് തിരുത്തിയാണ് 1 HP* 28 ദിവസം എന്നാക്കി മാറ്റിയത്.

ആയതിനാൽ മേൽ ക്രമനംപർ (1), (2) എന്നിവക്ക് രണ്ട് ദിവസം കൂടി അനുവദിക്കാവുന്നതാണ്. ബാക്കിയുള്ള 13 ദിവസം കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് കൺവീനർക്ക് നൽകിയ 16307 രൂപ(13*8*165.05= 17165-OH 5% 858 ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഇനം 13 അളവെടുത്ത 5-10-2017 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17-07-2009 മുതൽ 18-07-2019 വരെ | കെ.എസ്.എ.എം.പി.എം.11/749/2019 തീയതി 22-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 212500 | നെൽ കൃഷി വികസനം | 255000 | 0 |
| | 2018-19 | 567380 | ലൈഫ് ഭവനപദ്ധതി ജനറൽ | 567380 | 0 |
| | 2018-19 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 0 | പൂന്താനം ശങ്കരൻകുന്ന് കുടിവെള്ള പദ്ധതി | 400000 | 0 |
| | 2018-19 | 310315 | ലൈഫ് ഭവനപദ്ധതി.എസ് സി പി. | 0 | 310315 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 453840 | ലൈഫ് ഭവനപദ്ധതി ജനറൽ | 449175 | 4665 |
| | 2018-19 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | | തുക |
|---|---|---|---|---|---|---|
| GWD | വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ | 21800745/18-1-19 | 178960 | 0 | പൂർത്തീകരിച്ചിട്ടില്ല. | 178960 |
| GWD | വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ | 29/18-19/27-11-18 | 315610 | 0 | പൂർത്തീകരിച്ചിട്ടില്ല. | 315610 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2429845 രൂപ വരവുണ്ട്. ഇതിൽ തുകയൊന്നും തന്നെ വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നംപർ/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | 2429845 | 0 | 0 | 0 | 2429845 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 792693 |
| തൻവർഷം നിക്ഷേപിച്ച തുക | 67379 (പലിശ) |
| ആകെ | 860072 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 860072 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| | | |

| | | |
|---|---|---|
| F.D | 860072 | തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക് |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14508/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ / തിയതി |
|---|---|---|---|---|
| 1998-99 | 3-17 | 4412 | പി മോഹനൻ, സെക്രട്ടറി | 118010100240 തി. 23-4-2018 |
| 1996-97 | 3-12 | 1146 | എ എ മുഹമ്മത് ബഷീർ | 118010100518 തി. 14-5-2018 |
| 1998-99 | 3-5 | 401 | പി മോഹനൻ, സെക്രട്ടറി | 118010100519 തി. 14-5-2018 |
| 1998-99 | 3-6 | 480 | പി മോഹനൻ, സെക്രട്ടറി | 118010100520 തി. 14-5-2018 |
| 1999-00 | 3-19 | 600 | പി മോഹനൻ, സെക്രട്ടറി | 118010100630 തി. 21-5-2018 |
| 1999-00 | 3-23 | 300 | പി മോഹനൻ, സെക്രട്ടറി | 118010100631 തി. 21-5-2018 |
| 2000-01 | 3-21 | 172 | പി മോഹനൻ, സെക്രട്ടറി | 118010100632 തി. 21-5-2018 |
| 2009-11 | 3-10 | 6997 | ഷൈബ ഗോപാൽ | 118040900029 തീ 7-9-18 |
| ആകെ | | 14508 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൻ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഓഡിറ്റ് വർഷം | ഖണ്ഡിക | നഷ്ടം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2005-06 | 1999-00 | 3(8) | വനിതാ സഹകരണ സംഘത്തിന് ധനസഹായം 3.07 ലക്ഷംരൂപ പാഴ്ചെലവ് | നടപടി തുടരുന്നു |
| 2006- | 2001-02 | 3(1) | KSFE ഡെപ്പോസിറ്റ് | നടപടി |

| | | | | |
|---|---|---|---|---|
| 07 | | | | തുടരുന്നു |
| | | 3(3) | മരാമത്ത് പദ്ധതികൾ അധികം തുക നൽകി | നടപടി തുടരുന്നു |
| | | 3(4) | കീഴാറ്റൂർ മണിയാണിക്കടവ് റോഡ് ടാറിംഗ് | നടപടി തുടരുന്നു |
| 2010-11 | 2006-07 | 2(4) | -- | നടപടി തുടരുന്നു |
| 2011-12 | 2007-08 | അനുബന്ധം-9 | പൊതുമരാമത്ത് അവലോകനം | നടപടി തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 96-97 | 12 | മുഹമ്മദ് ബഷീർ | LF 7905/ Spl.cell/SC1/2000/01.07.2002 | 12848 | തുക അടവാക്കിയിട്ടില്ല. |
| 2 | 2002-03 | 3(3),3(4) | ദിവാകരൻ | LF 21218/ Spl.cell/SC5/05 31.8.09/10.9.09 | 98086 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല,2003-04 ലേത് ഉൾപ്പെടെ |
| 3 | 2003-04 | 3-25 | പി.ദിവാകർ | LF 19433/ Spl.cell/SC5/09 12/2010 | 37381 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല |
| 4 | 2007-08 | 3-10 | സി.ആർ.കൃഷ്ണകുമാർ | LF 17136/Sp. Cell/SC-D1/12 Dt. 24.10.14 | 203846 | OP 1128/11 ജില്ലാ കോടതി എറണാകുളം |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86844263 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69187913 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48561 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 457914 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം) |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-27 | | 32254 | ശ്രീ അബ്ദുൽ ജലീൽ, അസി.എൻജിനിയർ |
| 3-1 | | 16307 | ശ്രീ.അനിൽകുമാർ, അസി.എൻജിനിയർ, |
| ആകെ | | 48561 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 422648 | ശ്രീ.ഷറഫുദ്ധീൻ, സെക്രട്ടറി, 178960<br>ശ്രീ. അബ്ദുൾ ജലീൽ അസി. എഞ്ചിനീയർ-315610 |
| 1-18 | 35266 | ശ്രീ.ഷറഫുദ്ധീൻ, സെക്രട്ടറി |
| ആകെ | 457914 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ ജലീൽ ടി<br>അസി.എൻജിനിയർ | അസി.എൻജിനിയർ<br>കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് | തയ്യിൽ വീട്, കരുവമ്പ്രം , മഞ്ചേരി. പിൻ. 676123 |
| ശ്രീ.അനിൽകുമാർ<br>അസി.എൻജിനിയർ | എ.എക്സ്.ഇ,മങ്കട ബ്ലോക്ക് പഞ്ചായത്ത്,മലപ്പുറം ജില്ല | നെല്ലം,അങ്ങാടിപ്പുറം (പി.ഒ)<br>മലപ്പുറം ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2011 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 19998-99 | LFM16/630/2006 Dtd14-2-2011 | 33 |
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | LFM16/1134/2009 Dtd113-01-2011 | 10 |
| 2006-2007 | LFM11/1135/2009 Dtd13-01-2011 | 24 |
| 2007-2008 | LFM16/63/2012 Dtd2-7-2012 | 13 |
| 2008-2009 | LFM11/1091/2013 /3-1-2014 | 19 |
| 2009-10 &2010-11 | LFM11/883/2014/13-6-2014 | 21 |
| 2011-12 & 2012-13 | KSA/MPM11/1423/2015/ 25-8-2015 | 16 |
| 2013-14 & 2014-15 | KSA/MPM11/1930/2016 03-8-2016 | 15 |
| 2015-16 | KSA/MPM(11)/3206/2016/19.11.16 | 4 |
| 2016-17 | KSA/MPM(11)/2010/2017/20.10.2017 | 17 |
| 2017-18 | KSA/MPM(11)/225/2019/21-02-2019 | 9 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

## <u>അനുബന്ധം- ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.എം.പി.എം. 11/749/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505, ഫോൺ - 0483 2734951

ഇ-മെയിൽ : dompm.ksad@kerala.gov.in

തീയ്യതി : 22-08-2019

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും ,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

മലപ്പുറം